**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2495** **04-03-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി നിയോജകമണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സനീഷ്കുമാർ ജോസഫ്</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ആരംഭിച്ചിട്ടുള്ള പുതിയ സംരംഭങ്ങളുടെ പേരും സംരംഭകന്റെ വിലാസവും സംരംഭത്തിന്റെ സ്വഭാവവും അതിനായുള്ള സർക്കാർ സഹായത്തിന്റെ വിശദാംശവും സൃഷ്ടിക്കപ്പെട്ട തൊഴിൽ അവസരങ്ങളുടെ എണ്ണവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?</td><td>(എ)</td><td>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ 2,748 സംരംഭങ്ങൾ ആരംഭിച്ചതിലൂടെ 6,158 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 485 എണ്ണം ഉത്പാദന മേഖലയിലും 1,383 എണ്ണം സേവന മേഖലയിലും 880 എണ്ണം വ്യാപാര മേഖലയിലുമാണ് അരംഭിച്ചിട്ടുള്ളത്. ഈ സംരംഭങ്ങൾക്കാകെ വിവിധങ്ങളായ കൈത്താങ്ങ് സഹായങ്ങളും പദ്ധതി പദ്ധതിയേര സഹായങ്ങളും നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>പഞ്ചായത്ത്</th><th>സംരംഭങ്ങളുടെ എണ്ണം</th><th>തൊഴിൽ ലഭിച്ചവരുടെ എണ്ണം</th></tr>
<tr><td>1</td><td>ആതിരപ്പള്ളി</td><td>136</td><td>289</td></tr>
<tr><td>2</td><td>ചാലക്കുടി</td><td>907</td><td>1938</td></tr>
<tr><td>3</td><td>കട്ടകുറ്റി</td><td>261</td><td>687</td></tr>
<tr><td>4</td><td>കൊടകര</td><td>325</td><td>776</td></tr>
<tr><td>5</td><td>കോടശ്ശേരി</td><td>312</td><td>626</td></tr>
<tr><td>6</td><td>കൊരട്ടി</td><td>295</td><td>687</td></tr>
<tr><td>7</td><td>മേല്ലൂർ</td><td>256</td><td>623</td></tr>
<tr><td>8</td><td>പരിയാരം</td><td>256</td><td>532</td></tr>
<tr><td colspan="2">ആകെ</td><td>2748</td><td>6158</td></tr>
</table>
<br>സംരംഭങ്ങളെ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ